പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2565 28-10-2026-ൽ മറുപടിയ്ക്ക്

അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീമതി ഉമ തോമസ്	ശ്രീമതി കെ. എ. തുളസി (പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ കണ്ണങ്കേരി നഗർ (42 കുടുംബങ്ങൾ), കുളക്കാട് നഗർ (20 കുടുംബങ്ങൾ), വളവൻ നഗർ (28 കുടുംബങ്ങൾ), മൂലേപ്പാട്ട് നഗർ (11 കുടുംബങ്ങൾ), മനക്കത്താഴം നഗർ (12 കുടുംബങ്ങൾ) എന്നീ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന നഗറുകളെ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സമഗ്ര വികസനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മറുപടി: സംസ്ഥാനത്തെ ഓരോ നിയോജക മണ്ഡലത്തിലും അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ 2 (പരമാവധി) പട്ടികജാതി ഗ്രാമങ്ങളെ വീതം തെരഞ്ഞെടുത്ത് പ്രസ്തുത ഗ്രാമങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് അംബേദ്കർ ഗ്രാമം പദ്ധതി.

പട്ടികജാതി കുടുംബങ്ങൾ കൂടുതലായി അധിവസിക്കുന്ന കുറഞ്ഞത് 15 കുടുംബങ്ങളെങ്കിലും ഉൾപ്പെടുന്ന ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അവരെ സാമൂഹിക-സാമ്പത്തിക പൊതുധാരയിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടി ഓരോ ഗ്രാമങ്ങളിലും 50 ലക്ഷം മുതൽ പരമാവധി ഒരു കോടി രൂപ വരെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ അനുവദിക്കുന്നു.

കൂടാതെ 15 മുതൽ 3 കുടുംബങ്ങൾ വരെയുള്ള നഗറുകൾക്കായി പഞ്ചമി ഗ്രാമം എന്ന പേരിൽ പുതിയ പദ്ധതിയും സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 40 ലക്ഷം രൂപ വരെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ അനുവദിക്കുന്നു.

ബഹു. എം.എൽ.എ-മാരുടെ ശിപാർശ പ്രകാരം ആണ് സർക്കാർ തലത്തിൽ അംബേദ്കർ ഗ്രാമ പദ്ധതിയിൽ ഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നത്.

ബഹു. എം.എൽ.എ -മാർ ശിപാർശ ചെയ്ത് ലഭ്യമാക്കുന്ന ഗ്രാമങ്ങളുടെ മുൻഗണനാ ക്രമത്തിലുള്ള പട്ടിക ഫീസിബിലിറ്റി ഉറപ്പാക്കി സർക്കാരിലേക്ക് അംഗീകാരത്തിനായി

സമർപ്പിക്കുകയും സർക്കാർതലത്തിൽ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ഒരു നിയോജക മണ്ഡലത്തിൽ ഒരു സാമ്പത്തിക വർഷം പരമാവധി രണ്ടു ഗ്രാമങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

പദ്ധതിയിൽ ഉൾപ്പെടുത്തുന്ന ഗ്രാമങ്ങളിൽ MLA ശിപാർശ ചെയ്യുന്ന സർക്കാർ അക്രെഡിറ്റഡ് ഏജൻസി മുഖേന വികസന പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ